ഉത്തരം

(എ) 4119 കേസുകൾ.

(ബി) കെട്ടിക്കിടക്കുന്ന കേസുകളിൽ സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

കുട്ടികളെ തട്ടിക്കൊണ്ടുപോയ പരാതികൾ

136 (7699) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; എത്രപേരെ അറസ്റ്റ് ചെയ്തു ; ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) തട്ടിക്കൊണ്ടുപോകപ്പെട്ട കുട്ടികളിൽ എത്രപേരെ ഇനിയും കണ്ടെത്താനുണ്ട് ; ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ കുട്ടികൾക്കെതിരെ എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഇ) കാണാതായ കുട്ടികൾ മരണപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 502 പരാതികൾ ലഭിച്ചിട്ടുണ്ട്. 503 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 583 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) 4 പേരെ ഇനിയും കണ്ടെത്താനുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) 5419 അതിക്രമങ്ങൾ

(ഡി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ഇ) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly